ബി.1154/2023

റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം
കാഞ്ഞങ്ങാട് റെയിഞ്ച്,ചെമ്മട്ടംവയൽ
ബല്ല പി.ഒ – 671531, തീയ്യതി.19.12.2023
Ph: 0467 2207077, 8547602600
Email id: ro-khgd.for@kerala.gov.in

ശ്രീജിത്ത് എ പി [PEN:163244]
റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ
കാഞ്ഞങ്ങാട്

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കാസറഗോഡ്

വിഷയം :- ചുഴിക്കയം - അമ്പേച്ചാൽ - കമ്പല്ലൂർ റോഡ് കോൺക്രീറ്റ് ചെയ്യുന്നത് സംബന്ധിച്ച്

സൂചന :- (1) ആ ഓഫീസിലെ 18.10.2023,13.12.2023 തീയതിയിലെ KFDDO 23290/2023 - DF0KSGD/G നമ്പർ കത്തുകൾ
(2) ആ ഓഫീസിലെ 22.11.2023 ലെ KFDDO/29864/2023 -DFOKSGD/G നമ്പർ മേലെഴുത്ത്
(3) ഈ ഓഫീസിലെ 30.10.2023 ലെ B-1154/2023 നമ്പർ കത്ത്

മേൽ വിഷയത്തിലേക്കും സൂചനകളിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ചുഴിക്കയം - അമ്പേച്ചാൽ - കമ്പല്ലൂർ റോഡ് കാഞ്ഞങ്ങാട് റെയ്ഞ്ചിലെ ഭീമനടി സെക്ഷനിലെ എളേരി റിസർവ് വനത്തിലൂടെയാണ് കടന്നുപോകുന്നത്. 26.01.1932ലെ 41-ാം നമ്പർ ഫോർട്ട് സെന്റ് ജോർജ് ഗസറ്റിൽ പ്രസിദ്ധീകരിച്ച 12.01.1932ലെ നോട്ടിഫിക്കേഷൻ നമ്പർ 24 പ്രകാരം മദ്രാസ് ഫോറസ്റ്റ് ആക്ട് 1882 U/s 16 അനുസരിച്ച് 01.04.1932 മുതൽ റിസർവ് വനമായി പ്രഖ്യാപിച്ചിട്ടുള്ളതാണ് എളേരി റിസർവ്. ടി റിസർവ് വിജ്ഞാപനത്തിൽ പൊതുവഴിയായി അംഗീകരിച്ച 45 ലിങ്ക്സ് വീതിയിൽ രണ്ട് സ്ഥലങ്ങളിലായി യഥാക്രമം 4 ചെയിൻ,17 ചെയിൻ നീളത്തിൽ ആകെ 21 ചെയിൻ നീളത്തിലുള്ള എളമ്പാടി-കമ്പല്ലൂർ ഫൂട്ട്പാത്തിന്റെ ഭാഗമാണ് ചുഴിക്കയം - അമ്പേച്ചാൽ - കമ്പല്ലൂർ റോഡ് .1980ലെ വനസംരക്ഷണ നിയമത്തിന്റെ പ്രാബല്യ തീയതിയായ 25.10.1980ന് മുൻപ് നിലവിലുള്ളതാണ് ടി റോഡ് . ടി റോഡ് കോൺക്രീറ്റ് ചെയ്യുന്നത് മനുഷ്യ - വന്യമൃഗ സംഘർഷം കാട്ടുതീ തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ വനം ഉദ്യോഗസ്ഥർക്ക് സ്ഥലത്ത് എത്തിച്ചേരുന്നതിന് എളുപ്പമാകുമെന്നതിനാൽ വനസംരക്ഷണത്തിന് സഹായകരമാണ്. മേൽ വിവരങ്ങൾ മേലധികാരത്തിലേക്ക് അനന്തര നടപടികൾക്കായി റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
കാഞ്ഞങ്ങാട്